പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 215 | 17.06.2019-ൽ മറുപടിയ്ക്ക്

## വനസംരക്ഷണ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. പി.വി.അൻവർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | മറുപടി<br>അഡ്വ..കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വനാതിർത്തി സർവേ നടത്തി സ്ഥിരമായി വേർതിരിക്കേണ്ടത് വന സംരക്ഷണത്തിനെന്ന പോലെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരുടെ താല്പര്യസംരക്ഷണത്തിനും അനിവാര്യമായതിനാൽ ഈ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ഇനി എത്ര ദൂരം ജണ്ട കെട്ടി വേർതിരിക്കാനുണ്ടെന്ന് അറിയിക്കുമോ; | (എ) | വനാതിർത്തി സർവ്വേ നടത്തി സ്ഥിരമായി വേർതിരിക്കേണ്ടത് വനസംരക്ഷണത്തിനെന്നപോലെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരുടെ താൽപര്യ സംരക്ഷണത്തിനും അനിവാര്യമാണെന്നത് വസ്തുതയാണ്. വനാതിർത്തി സർവ്വേ നടത്തി ജണ്ടകൾ നിർമ്മിച്ച് സ്ഥിരമായി വേർതിരിക്കുന്ന പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി എടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ ഉദ്ദേശം 550 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 12,500 സ്ഥിരം ജണ്ടകളും, 2017-18 ൽ ഉദ്ദേശം 680 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14,416 ജണ്ടകളും, 2018-19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. 01.04.2019 ൽ ഇനിയും ജണ്ടകൾ കെട്ടി വേർതിരിക്കാൻ അവശേഷിക്കുന്ന വനാതിർത്തിയുടെ ദൂരം ഉദ്ദേശം 1313 കി.മീറ്ററായി കണക്കാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന ടി അതിർത്തികളും അടുത്ത രണ്ട്- മൂന്ന് വർഷങ്ങൾക്കുള്ളിൽ സർവ്വേ ചെയ്ത് ജണ്ട കെട്ടി വേർതിരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച് വരുന്ന നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച് വരുന്ന പ്രവൃത്തികൾ താഴെ പറയുന്നു.<br>1. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ സർവ്വേ ട്രെയിനിംഗ് നടത്തി വരുന്നു. 210 പേരുടെ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളതും കൂടാതെ 30 പേർക്ക് ട്രെയിനിംഗ് നടന്നു വരുന്നതുമാണ്.<br>2. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിമോട്ട് സെൻസിംഗ് സാങ്കേതിക സഹായത്തോടുകൂടി മുൻകൂറായുള്ള കാട്ടുതീ സാധ്യതാ അലർട്ടുകളും, തീയുണ്ടാകുന്ന പക്ഷം അവയുടെ സമയാ-സമയ അലർട്ടുകളും ലഭ്യമാക്കി ഉപയോഗിച്ച് വരുന്നുണ്ട്.<br>3. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ 2018-19 വർഷത്തിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതുതായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.<br>4. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടത്ത് 2018-19 ൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭി ച്ചിട്ടുണ്ട്.<br>5. ജി.ഐ.എസ് - ന്റെ സഹായത്തോടെ M-STrIPES എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പെട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മാസം മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കിയിട്ടുണ്ട്. |
| (സി) | ജനപങ്കാളിത്തത്തോടെ നടപ്പാക്കി വരുന്ന വനസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണത്തിനും, പരിപാലനത്തിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇങ്ങനെ നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോഡവലപ് മെൻറ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാൻറ് സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാൻറ് സ് ബോർഡ് ഉടങ്ങിയ ഏജൻസികളുടെ ധന സഹായത്തോടെയുള്ള വിവിധ വന |

| | | | |
|---|---|---|---|
| | | | സംരക്ഷണ പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോ ഡവലപ്മെൻറ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. നാഷണൽ അഫോറസ്റ്റേഷൻ പരിപാടി, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി മുതലായവയാണ് ഇത്തരത്തിലുള്ള പരിപാടികളിൽ പ്രധാനമായവ. ഇന്ത്യയിലെ പ്രക്ഷീണ വനങ്ങളുടെ സംരക്ഷണമാണ് നാഷണൽ അഫോറസ്റ്റേഷൻ ലക്ഷ്യം വയ്ക്കുന്നത്. 2002-2003 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ നാഷണൽ അഫോറസ്റ്റേഷൻ പരിപാടി യിലൂടെ 7756.68 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ വനപ്രദേശത്തെ സംരക്ഷി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി യിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നീർത്തടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ള പദ്ധതിയാണ്. 2016-17 ൽ തുടങ്ങി 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ വൃക്ഷവൽക്കരണത്തോടൊപ്പം തണ്ണീർത്തടങ്ങളുടെ സംരക്ഷണവും ഫലപ്രദമായി നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയിലെ വിവിധ സബ്മിഷനുകളിലായി 2016-17, 2017-18 വർഷങ്ങളിലായി 17697.563 ഹെക്ടർ സ്ഥലത്ത് വിവിധ വനവൽക്കരണ, പരിപാലന, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വനാശ്രിതരുടെ ഇന്ധനാവശ്യങ്ങൾക്കായുള്ള വനാശ്രിതത്വം കുറയ്ക്കുന്നതിനായി 7332 കുടുംബങ്ങൾക്ക് എൽ.പി.ജി കണക്ഷൻ/ സോളാർ അടുപ്പുകൾ/ ബയോഗ്യാസ് പ്ലാൻറുകൾ മുതലായവ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ